# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2024 ഒക്ടോബർ 22**

---

## എം.ജി സർവകലാശാലയിലെ പുതിയ ഫുട്ബോൾ കോർട്ട് കായിക വളർച്ചയ്ക്ക് കരുത്തേകും-മന്ത്രി ഡോ. ആർ ബിന്ദു

*മഹാത്മാ ഗാന്ധി സർവകലാശാലാ സ്റ്റേഡിയത്തിൽ നിർമിച്ച നാച്വറൽ ടർഫ് ഫ്ളഡ്ലിറ്റ് ഫുട്ബോൾ കോർട്ട് സർവകലാശാലയുടെയും നാടിന്റെ പൊതുവിലുമുള്ള കായിക വളർച്ചയ്ക്ക് കരുത്തു പകരുമെന്ന് ഉന്നത വിദ്യാഭ്യാസ, സമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നാലാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 2.74 കോടി രൂപ ചെലവിട്ട് നിർമിച്ച കോർട്ടിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.*

*ഒളിമ്പ്യൻമാർ ഉൾപ്പെടെ നിരവധി പ്രഗത്ഭ കായിക താരങ്ങളെ സംഭാവന ചെയ്തിട്ടുള്ള സർവകലാശാലയ്ക്കും പ്രൗഢമായ കായിക പാരമ്പര്യമുള്ള കോട്ടയം ജില്ലയ്ക്കും ഈ മേഖലയിൽ വലിയ നേട്ടങ്ങളിലേക്ക് ചുവടുവയ്ക്കാൻ പുതിയ കോർട്ടും ഇവിടെ നിർമിക്കാൻ പോകുന്ന സ്പോർട്സ് കോംപ്ലക്സും സഹായകമാകും. ദേശീയ രാജ്യാന്തര തലങ്ങളിലെ വിവിധ റാങ്കിംഗുകളിൽ മികവു പുലർത്താൻ സർവകലാശാലയ്ക്ക് സാധിച്ചതിൽ അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടായ മുന്നേറ്റവും നിർണായക ഘടകമായത് സർക്കാരിന് അഭിമാനകരമാണെന്ന് മന്ത്രി പറഞ്ഞു.*

*എം.ജി. സർവകലാശാല സ്റ്റേഡിയത്തിലെ സ്പോർട്സ് കോംപ്ലക്സ് പദ്ധതിയുടെ ടെൻഡർ നടപടികൾ കിഫ്ബി ആരംഭിച്ചതായും നിർമാണ പ്രവർവത്തനങ്ങൾ വൈകാതെ ആരംഭിക്കുമെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച സഹകരണ, ദേവസ്വം, തുറമുഖ വകുപ്പ് മന്ത്രി വി.എൻ വാസവൻ അറിയിച്ചു. കിഫ്ബിയിൽനിന്നും 57 കോടി രൂപ ചെലവിട്ടാണ് സ്പോർട്സ് കോംപ്ലക്സ് നിർമിക്കുന്നത്. സംസ്ഥാനത്തെ ഏറ്റവും വലിയ കായിക കേന്ദ്രങ്ങളിലൊന്നാണ് ഈ പദ്ധതിയിലൂടെ യാഥാർത്ഥ്യമാകുന്നതെന്ന് അദ്ദേഹം പറഞ്ഞു.*

*നാക് എ ഡബിൾ പ്ലസ് ഗ്രേഡും ടൈംസ് ലോക സർവകലാശാലാ റാങ്കിംഗിൽ 401-500 റാങ്ക് വിഭാഗത്തിൽ ഇടം നേടുകയും ചെയ്ത സർവകലാശാലയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിനുവേണ്ടി മന്ത്രി ട്രോഫി സമ്മാനിച്ചു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, മുൻ രജിസ്ട്രാർ ഡോ. കെ. ജയചന്ദ്രൻ, ഐക്യുഎസി ഡയറക്ടർ ഡോ. റോബിനെറ്റ് ജേക്കബ് എന്നിവർ ചേർന്ന് ഏറ്റുവാങ്ങി.*

*നാലു വർഷ ബിരുദ വിദ്യാർഥികൾക്കായി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആന്റ് ഓലൈൻ എജ്യുക്കേഷൻ നടത്തുന്ന ഓൺലൈൻ എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകളുടെ ഉദ്ഘാടനവും ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി നിർവഹിച്ചു.*

*സ്പെയിനിൽ നടന്ന വേൾഡ് യൂണിവേഴ്സിറ്റി ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത ഇന്ത്യൻ യൂണിവേഴ്സിറ്റി ടീം അംഗങ്ങളായിരുന്ന മഹാത്മാ ഗാന്ധി സർവകലാശാലയിലെ താരങ്ങളെയും പരിശീലകരെയും മാനേജരെയും നാച്വറൽ ടർഫ് ഫുട്ബോൾ കോർട്ടിന്റെ നിർമാണച്ചുമതല നിർവഹിച്ച വിഎം. സാജിദിനെയും ചടങ്ങിൽ മന്ത്രി വി.എൻ. വാസവൻ ആദരിച്ചു.*

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളായ, അഡ്വ. റെജി സക്കറിയ, ഡോ. ബിജു തോമസ് രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് മേധാവി ഡോ. ബിനു ജോർജ് വർഗീസ് എന്നിവർ സംസാരിച്ചു.*

*ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.വി. ബിന്ദു, അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസ് ജോസഫ് അമ്പലക്കുളം, ജില്ലാ പഞ്ചായത്ത് അംഗം ഡോ. റോസമ്മ സോണി, ബ്ലോക്ക് പഞ്ചായത്ത് അംഗം ജെയിംസ് കുര്യൻ, ഗ്രാമപഞ്ചായത്തംഗം ജോഷി ഇലഞ്ഞിയിൽ തുടങ്ങിയവർ പങ്കെടുത്തു.*
*(പി.ആർ.ഒ/39/943/2024)*

**ഫോട്ടോ ക്യാപ്ഷൻ..**

MGU -1
*മഹാത്മാ ഗാന്ധി സർവകലാശാലാ സ്റ്റേഡിയത്തിൽ നിർമിച്ച നാച്വറൽ ടർഫ് ഫ്ളഡ്ലിറ്റ് ഫുട്ബോൾ കോർട്ടിന്റെ ഉദ്ഘാടനം നിർവഹിച്ചശേഷം മന്ത്രി ഡോ. ആർ. ബിന്ദു ബോൾ കിക്ക് ചെയ്യുന്നു. മന്ത്രി വി.എൻ. വാസവൻ, വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ തുടങ്ങിയവർ സമീപം.*

MGU -2
MGU-3
MGU-4

*മഹാത്മാ ഗാന്ധി സർവകലാശാലാ സ്റ്റേഡിയത്തിൽ നിർമിച്ച നാച്വറൽ ടർഫ് ഫ്ളഡ്ലിറ്റ് ഫുട്ബോൾ കോർട്ടിന്റെ ഉദ്ഘാടനം മന്ത്രി. ഡോ. ആർ. ബിന്ദു നിർവഹിക്കുന്നു.*

MGU-5
*നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ എ ഡബിൾ പ്ലസ് ഗ്രേഡ് നേടിയ മഹാത്മാ ഗാന്ധി സർവകലാശാലക്കുള്ള ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ട്രോഫി വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ഡോ. കെ.ജയചന്ദ്രൻ, ഡോ. റോബിനെറ്റ് ജേക്കബ് എന്നിർ മന്ത്രി ഡോ. ആർ. ബിന്ദുവിൽനിന്നും ഏറ്റുവാങ്ങുന്നു.*
*(പി.ആർ.ഒ/39/943/2024)*

## <u>പരീക്ഷാ തീയതി</u>

*നാലാം സെമസ്റ്റർ എംപിഇഎസ്(ദ്വിവത്സര പ്രോഗ്രാം-2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷ നവംബർ നാലു മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*
*(പി.ആർ.ഒ/39/944/2024)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ സിബിസിഎസ് ബിഎസ്സി കമ്പ്യൂട്ടർ സയൻസ് മോഡൽ 3 (2022 അഡ്മിഷൻ റഗുലർ സ്പെഷ്യൽ പരീക്ഷ ഓഗസ്റ്റ് 2024) പരീക്ഷയുടെ സോഫ്റ്റ് വെയർ ലാബ് 2 പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 28ന് മാണിക്കമംഗലം സെന്റ് ക്ലയർ കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ*
*(പി.ആർ.ഒ/39/945/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**